# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6725 — 09.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി. പോളിസി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ടി. തോമസ്**<br>**" സണ്ണി ജോസഫ്**<br>**" റോജി എം. ജോൺ**<br>**" അന്വർ പ്രകാശ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി. പോളിസി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ ഡ്രാഫ്റ്റ് ഐ.ടി.പോളിസി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ട്.<br><br>സഹകരണ വായ്പാ മേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ആധുനികവത്ക്കരണം ഒരു കോമൺ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനായും സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി അംഗങ്ങളിൽ നിന്നും രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയെ സഹകരണ മേഖലയ്ക്ക് അനുയോജ്യമായ ഡ്രാഫ്റ്റ് ഐ.റ്റി പോളിസി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി ഡ്രാഫ്റ്റ് ഐ.റ്റി പോളിസി തയ്യാറാക്കി പരിശോധനയ്ക്കായി SeMT (State e-Governance Mission Team) യ്ക്ക് നൽകിയിട്ടുണ്ട്. |
| ബി) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പോളിസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) സോഫ്റ്റ് വെയർ സെലക്ഷൻ, ഹാർഡ് വെയർ സെലക്ഷൻ, എലിജിബിലിറ്റി ക്രൈറ്റീരിയ ഫോർ സി.ബി.എസ് വെണ്ടേഴ്സ് തുടങ്ങി കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ആണ് ഡ്രാഫ്റ്റ് ഐ.റ്റി പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |

......2

| | |
|---|---|
| സി) ഡ്രാഫ്റ്റ് ഐ.ടി. പോളിസി (സി) എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ? | ഡ്രാഫ്റ്റ് ഐ.റ്റി പോളിസി സൂക്ഷ്മപരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ കീഴിലുള്ള SeMT (State e-Governance Mission Team) യ്ക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അത് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ